"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - വിവിധ നേഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള 2024-25 അധ്യയന വർഷ പ്രവേശനം - പ്രവേശന നടപടികൾ അവസാനിപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2608/2024/H&FWD തീയതി, തിരുവനന്തപുരം, 01-11-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം. 2546/2024/ആ.കു.വ തീയതി 24.10.2024
2. ഇൻഡ്യൻ നേഴ്സിംഗ് കൗൺസിലിന്റെ 28.10.2024- ലെ നോട്ടിഫിക്കേഷൻ നം. 14/2024.
3. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 29.10.2024 തീയതിയിലെ ബി.1/58000/2024//എൻ.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ നേഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള 2024-25 അധ്യയന വർഷ അഡ്മിഷൻ നടപടികൾ അവസാനിപ്പിക്കുവാനുള്ള അവസാന തീയതി 31.10.2024 ആയും ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള തീയതി 04.11.2024 ആയും നിശ്ചയിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന്റെ പരാമർശം (2) നോട്ടിഫിക്കേഷൻ പ്രകാരം വിവിധ നേഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ അവസാനിപ്പിക്കുവാനുള്ള അവസാന തീയതി ചുവടെ ചേർക്കുന്ന നിബന്ധനകളോടെ 30.11.2024-ലേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്.

a. 01.11.2024 മുതൽ 30.11.2024 വരെ നടക്കുന്ന അഡ്മിഷൻ നേടുന്നവരെ പ്രത്യേക ബാച്ചായി പരിഗണിക്കണം.
b. 01.11.2024 മുതൽ 30.11.2024 വരെ നടക്കുന്ന അഡ്മിഷൻ നേടുന്നവർക്ക് പ്രത്യേകം പരീക്ഷ നടത്തണം.

3. മേൽ നിബന്ധനകൾ കൂടാതെ അറ്റൻഡൻസ് സംബന്ധമായ കർശന നിർദ്ദേശങ്ങളും നോട്ടിഫിക്കേഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന്റെ പുതിയ നോട്ടിഫിക്കേഷന്റെ പശ്ചാത്തലത്തിൽ അലോട്ട്മെന്റ് നടപടികൾ അവസാനിപ്പിക്കുന്നതിലും ക്ലാസ്സുകൾ ആരംഭിക്കുന്ന തീയതിയിലും വ്യക്തത ആവശ്യപ്പെട്ട് രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ പരാമർശം (3) പ്രകാരം കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ നേഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള 2024-25 അധ്യയന വർഷത്തെ അഡ്മിഷൻ നടപടികൾ

പൂർത്തിയാക്കുന്നതിലും ക്ലാസ്സുകൾ ആരംഭിക്കുന്നതിലും ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു.

i. ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന്റെ 28.10.2024- ലെ നോട്ടിഫിക്കേഷൻ നം. 14/2024 സംസ്ഥാനത്ത് അതേപടി നടപ്പിലാക്കിക്കൊണ്ട് വിവിധ നേഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള 2024-25 അധ്യയന വർഷ അഡ്മിഷൻ നടപടികൾ അവസാനിപ്പിക്കാനുള്ള തീയതി 30.11.2024 ആയി ദീർഘിപ്പിക്കുന്നു. 01.11.2024 മുതൽ 30.11.2024 വരെയുള്ള കാലയളവിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളെ പ്രത്യേക ബാച്ചായി പരിഗണിക്കും എന്നതടക്കമുള്ള ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും 01.11.2024 മുതലുള്ള അലോട്ട്മെന്റിൽ വ്യവസ്ഥകളായി ഉൾക്കൊള്ളിച്ച് 30.11.2024 വരെ ബി.എസ്.സി (നേഴ്സിംഗ്) സർക്കാർ മെറിറ്റ് സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് നടപടികൾ എൽ.ബി.എസ് ഡയറക്ടർ തുടരേണ്ടതാണ്.

ii. വിവിധ നേഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള [എ.എൻ.എം., ജി.എൻ.എം., ബി.എസ്.സി (നേഴ്സിംഗ്), പോസ്റ്റ് ബേസിക് ബി.എസ്.സി (നേഴ്സിംഗ്), പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാലിറ്റി നേഴ്സിംഗ്, എം.എസ്.സി (നേഴ്സിംഗ്)] ക്ലാസ്സുകൾ പരാമർശം (1) ഉത്തരവ് പ്രകാരം നിശ്ചയിച്ച 04.11.2024 -തീയതിയിൽ ആരംഭിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്
രജിസ്ട്രാർ, കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
എസ്.സി/എസ്.റ്റി വകുപ്പ്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 01-11-2024 16:01:16
സെക്ഷൻ ഓഫീസർ